**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3255** **25-10-2021 - ൽ മറുപടിയ്ക്ക്**

**ഹെഡ് ലോഡ് വർക്കേഴ്സ് നിയമം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ഡോ. മാത്യു കുഴൽനാടൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | നോക്കുകൂലിക്ക് നിരോധനമേർപ്പെടുത്തി വർഷങ്ങൾ കഴിഞ്ഞിട്ടും നിയമം കാര്യക്ഷമമായി നടപ്പിലാക്കാത്തതാണ് നോക്കുകൂലിയുടെ പേരിൽ നടക്കുന്ന അതിക്രമങ്ങൾക്കിടയാക്കുന്നതെന്ന ഹൈക്കോടതിയുടെ വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏതു സാഹചര്യത്തിലും ചെയ്യാത്ത ജോലിയ്ക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടുന്നതും കൈപ്പറ്റുന്നതും നിയമ വിരുദ്ധമായി പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ 30/04/2018-ൽ ജി.ഒ(ആർ.ടി)നമ്പർ.511/2018/ തൊഴിൽ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എങ്കിലും നോക്കുകൂലി ആവശ്യപ്പെടുന്നത് സംബന്ധിച്ച പരാതി ഇടയ്ക്കിടെ ലഭിക്കാറുണ്ട്. നോക്കുകൂലി വാങ്ങുന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ഡെപ്യൂട്ടി ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവർ പ്രശ്നത്തിൽ ഇടപെടുകയും അമിതമായോ അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽ നിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങികൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കേരള ചുമട്ടുതൊഴിലാളി ചട്ടം 26എ അനുശാസിക്കുന്ന വിധത്തിൽ തൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണി പ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതി പോലീസിന് കൈമാറി ഉചിതമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. നോക്കുകൂലി നിരോധിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പത്രമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിച്ചിട്ടുള്ളതിനാൽ പൊതു ജനങ്ങൾക്കിടയിൽ അവബോധം ഉണ്ടായിട്ടുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ ചുമട്ടുതൊഴിൽ മേഖലയിലെ യൂണിയൻ പ്രതിനിധികളുടെ യോഗത്തിൽ നോക്കുകൂലി സംബന്ധിച്ച പരാതികൾ വളരെ ഗൗരവത്തോടെ കൈകാര്യം ചെയ്യുമെന്നും, ഇത്തരം അനഭിലഷണീയമായ പ്രവണതകൾ ഒരു തരത്തിലും അനുവദിക്കില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. നോക്കുകൂലി ആവശ്യപ്പെട്ടു എന്ന പരാതികളിൽ അന്വേഷണം നടത്തുമ്പോൾ ഭൂരിഭാഗവും ചുമട്ടുതൊഴിലാളികൾ ഉൾപ്പെടുന്ന പ്രശ്നങ്ങളല്ല എന്നാണ് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ചുമട്ടുതൊഴിൽ മേഖലയിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ, നിയമപരമായി ചുമട്ടു തൊഴിലാളികൾക്ക് ലഭിക്കേണ്ട വേതനം എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം ഉണ്ടാക്കുന്നതിന് എല്ലാ ജില്ലകളിലും തൊഴിലാളി-തൊഴിലുടമ പ്രതിനിധികൾക്കായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിനേയും കിലെയെയും ചുമതലപ്പെടുത്താൻ ടി യോഗത്തിൽ തീരുമാനമായിട്ടുണ്ട്. |
| (ബി) | ഹെഡ് ലോഡ് വർക്കേഴ്സ് നിയമം കാര്യക്ഷമായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിയമം കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 1978-ലെ കേരള ചുമട്ട് തൊഴിലാളി നിയമം, തൊഴിൽ വകുപ്പ് സംസ്ഥാനത്ത് കാര്യക്ഷമമായിതന്നെ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ